# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഡിസംബർ 6

# വാർത്താക്കുറിപ്പ്

---

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2021 ഒക്ടോബറിൽ നടത്തിയ 2017-2019 ബാച്ച് മൂന്നാം സെമസ്റ്റർ എം.എസ്.സി. ഡിസെബിലിറ്റി സറ്റഡീസ് ആൻഡ് റീഹാബിലിറ്റേഷൻ സയൻസസ് സപ്ലിമെന്ററി (ബിഹേവിയറൽ സയൻസസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1501/2021)

ഐ.ഐ.ആർ.ബി.എസ്. 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ ഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സപ്ലിമെന്ററി -സയൻസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1502/2021)

ഐ.ഐ.ആർ.ബി.എസ്. 2021 സെപ്റ്റംബറിൽ നടത്തിയ ഒൻപത്, പത്ത് സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ ഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സയൻസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1503/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. ടെക്സ്റ്റൈൽസ് & ഫാഷൻസ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഓൺലൈനായി ഡിസംബർ 18 വരെ സ്വീകരിക്കും. പുനർമൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മ പരിശേധനയ്ക്ക് 160 രൂപ നിരക്കിലും ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1504/2021)

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് 2021 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ. (ജനറൽ സോഷ്യൽ സയൻസ്, സോഷ്യൽ സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1505/2021)

2021 ഫെബ്രുവരിയിൽ നടന്ന എം.എഡ്. (രണ്ട് വർഷം) രണ്ടാം സെമസ്റ്റർ റെഗുലർ / സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

(പി.ആർ.ഒ/39/1506/2021)

2020 ജൂണിൽ നടന്ന മൂന്നാം സെമസ്റ്റർ ഐ.എം.സി.എ - 2018 അഡ്മിഷൻ - റെഗുലർ, 2017 അഡ്മിഷൻ - സപ്ലിമെന്ററി ആന്റ് ഡി.ഡി.എം.സി.എ. - 2014 മുതൽ 2016 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1507/2021)

## വോക്ക് - ഇൻ ഇൻറർവ്യൂ

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസ് ഹോസ്റ്റലിലേയ്ക്ക് കുക്ക്, സഹായി എന്നിവരുടെ ഓരോ ഒഴിവിലേയ്ക്ക് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനത്തിനുള്ള വോക് - ഇൻ - ഇന്റർവ്യൂ ഡിസംബർ 8 -ന് രാവിലെ 11 ന് നടക്കും. താത്പര്യമുള്ളവർ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ സഹിതം സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് ഓഫീസിൽ നിശ്ചിത സമയത്ത് ഹാജരാകണം.

(പി.ആർ.ഒ/39/1508/2021)

## അധ്യാപക ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇക്കോളജി, ഡിസാസ്റ്റർ_മാനേജ്മെന്റ്, ഇക്കണോമിക്സ്, ഇംഗ്ലീഷ്, ജോഗ്രഫി വിഷയങ്ങൾക്ക് ക്ലാസുകളെടുക്കുവാൻ അധ്യാപകരെ ഹയറിങ് വ്യവസ്ഥയിൽ ആവശ്യമുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ പി.ജി. യോഗ്യതയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം. താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റ, civilserviceinstitute@mgu.ac.in എന്ന ഇ -മെയിൽ വിലാസത്തിൽ അയയ്ക്കുക. കൂടുതൽ വിവരങ്ങൾക്ക് - ഫോൺ - 9188374553.

## പ്രൊഫ. സാബു തോമസ് ഗോൾഡൻ ഗ്രൂപ്പ് - അലുമ്നി മീറ്റ്

മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും പ്രമുഖ ശാസ്ത്രജ്ഞനും ഗവേഷകനുമായ പ്രൊഫ. സാബു തോമസിന് കീഴിൽ ഗവേഷണം പൂർത്തിയാക്കിയ പൂർവ്വവിദ്യാർത്ഥിസംഘടന - പ്രൊഫ. സാബു തോമസ് - ഗോൾഡൻ ഗ്രൂപ്പിന്റെ വാർഷിക യോഗം നടന്നു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന യോഗത്തിൽ പ്രൊഫ. സാബു തോമസ്, പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, വി.കെ.സി. ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ചെയർമാൻ ഡോ. വി. നൗഷാദ്,ബാംഗ്ലൂർ - ഐ.ഐ.എസ്.സി.യിൽ നിന്നുള്ള ശാസ്ത്രജ്ഞൻ പ്രൊഫ. എസ്. രാമകൃഷ്ണൻ, ദക്ഷിണാഫ്രിക്കൻ കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ചിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. മായ ജേക്കബ് ജോൺ തുടങ്ങിയവർ പങ്കെടുത്തു. പോളിമർ ഗവേഷണ രംഗത്തെ പുത്തൻ പ്രവണതകളെക്കുറിച്ചുള്ള പ്രത്യേക ചർച്ചയും നടന്നു. സംഘടനയുടെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള മികച്ച പി.എച്ച്.ഡി., എം.എസ്.സി., എം.ടെക് തീസീസ് അവാർഡുകൾ പരിപാടിയിൽ വിതരണം ചെയ്തു. നാനോ സയൻസ് ആന്റ് ടെക്നോളജിയിലുള്ള മികച്ച പി.എച്ച്.ഡി., തീസിസ് അവാർഡിന് ഡോ. ജോജോ പി. ജോസഫും പോളിമർ സയൻസിൽ ഡോ. പ്രാൻടിക് മോൻടാൽ, ഡോ. എം ഹരികൃഷ്ണൻ എന്നിവരും മികച്ച പി.ജി. തീസിസ് അവാർഡിന് രശ്മി പട്നായിക് (പോളിമർ സയൻസ്), പൂജ അറോറ, ചന്ദ്രിമ കാർത്തിക (നാനോ സയൻസ് ആന്റ് ടെക്നോളജി) എന്നിവരും അർഹരായി. ബ്ലെസി ജോസഫ്, അവിനാശ് പൈ എന്നിവർക്കാണ് മികച്ച സൈറ്റേഷനുകൾക്കുള്ള അവാർഡ് ലഭിച്ചത്. രചന മരിയ കുരയനെ മികച്ച വിദ്യാർത്ഥിയായി തെരഞ്ഞെടുത്തു. പ്രൊഫ. സാബു തോമസിന്റെ അധ്യാപന-ഗവേഷണ മേഖലകളിലെ സംഭാവനകൾ ഉൾപ്പെടുത്തി നിർമ്മിച്ച വീഡിയോ ഡോക്യുമെന്ററിയുടെ പ്രദർശനവും ഉണ്ടായിരുന്നു.

(പി.ആർ.ഒ/39/1510/2021)

## ആദായനികുതി - ഫൈനൽ കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പെൻഷനർമാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആദായ നികുതി കണക്കാക്കുന്നതിനായുള്ള ഫൈനൽ കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റ് ഫാറം ഔദ്യോഗിക വെബ്സൈറ്റായ www.mgu.ac.in -ലെ സർക്കുലർ എന്ന ലിങ്കിലും പെൻഷണർ പോർട്ടലിലും ലഭ്യമാണ്.

പ്രസ്തുത ഫോറം ഡൗൺലോഡ് ചെയ്ത് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി നടപ്പ സാമ്പത്തിക വർഷത്തെ സേവിങ്സ് സംബന്ധമായ രേഖകൾ സഹിതം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560 എന്ന വിലാസത്തിലോ ada8@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ ഡിസംബർ 20 -ന് മുൻപായി അയച്ചു തരേണ്ടതാണ്. ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കുന്നവർ ആയതിന്റെ ഹാർഡ് കോപ്പി നിർബന്ധമായും അയച്ചുതരേണ്ടതാണ്.

(പി.ആർ.ഒ/39/1511/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ